പുലാക്കോട്-ചേലക്കര	തൃശൂർ	300
ചിളളിയാർ ചിറ്റൂർപുഴ	പാലക്കാട്	135
അഗളി-അട്ടപ്പാടി	പാലക്കാട്	250

(സി) പരിഹാര വനവൽക്കരണ പരിപാടിക്കായി ഇക്കൊല്ലം (1999-2000) 10 കോടി രൂപയും സംയോജിത വനവൽക്കരണ പരിസ്ഥിതി വികസന പരിപാടിക്കായി 5 കോടി രൂപയും ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്.

47 (2607) കുളത്തൂപ്പുഴ റേഞ്ചിലെ സാമൂഹ്യവനവൽക്കരണം

ശ്രീ. പിരപ്പൻകോട് മുരളി : താഴെകാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കുളത്തൂപ്പുഴ റേഞ്ചിൽപ്പെട്ട വേങ്കൊല്ല, ശംഖിലി വനത്തിനുള്ളിൽ സാമൂഹ്യവനവൽക്കരണം നടത്തുന്ന എന്തെങ്കിലും പദ്ധതി വനം വകുപ്പ് നടപ്പാക്കുന്നുണ്ടോ;

(ബി) ഉണ്ടെങ്കിൽ പ്രസ്തുത പദ്ധതിയുടെ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ;

(എത്ര ഹെക്ടറിൽ പദ്ധതി നടത്തുന്നു; എത്ര തുക ചെലവായി തുടങ്ങിയ വിവരങ്ങൾ)

(സി) ഇങ്ങനെ നടക്കുന്ന വനവൽക്കരണത്തിന്റെ മറവിൽ അടിക്കാടുകൾവെട്ടുന്നു എന്ന പേരിൽ വനനശീകരണം നടക്കുന്നതായി ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) ശംഖിലി പ്രദേശത്ത് 9 വർഷത്തിന് മുമ്പും മുപ്പനടി, ശംഖിലി നോർത്ത്, മുങ്കട തുടങ്ങിയ സ്ഥലങ്ങളിൽ 4 വർഷം മുമ്പും ഇതുപോലെ വൃക്ഷങ്ങൾ നട്ടുപിടിപ്പിച്ചിട്ടുണ്ടോ;

(ഇ) ഉണ്ടെങ്കിൽ ഏതുതരം വൃക്ഷങ്ങളാണ് നട്ടുപിടിപ്പിച്ചത്; അതിന് എത്ര തുക ചെലവായി; അതിൽ എത്ര വൃക്ഷങ്ങൾ ഇപ്പോൾ വളർന്നു നിൽക്കുന്നുവെന്നും വെളിപ്പെടുത്തുമോ;

(എഫ്) ഇപ്പോൾ നടക്കുന്ന വനവൽക്കരണ പരിപാടിയെ സംബന്ധിച്ച് എന്തെങ്കിലും പരാതി ഗവൺമെന്റിന് ലഭിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിൻമേൽ എന്തു നടപടി സ്വീകരിച്ചു?

ഉത്തരം

(എ) ഉണ്ട്.

(ബി) സംയോജിത വനവൽക്കരണ-പരിസ്ഥിതി വികസന പദ്ധതി പ്രകാരം സാമൂഹ്യ വനവൽക്കരണ പരിപാടികളിൽ ഒന്നാണ് ശംഖിലി വാട്ടർഷെഡ് സ്കീം. 1997-98 സാമ്പത്തിക വർഷം മുതൽ ഈ ഭാഗത്ത് ഈ പദ്ധതി പ്രകാരം പ്രക്ഷീണവനങ്ങളിൽ വനവൽക്കരണ പ്രവർത്തനങ്ങൾ നടത്തിവരുന്നു. കഴിഞ്ഞ രണ്ട് സാമ്പത്തിക വർഷങ്ങളിലായി 602.939 ഹെക്ടറിൽ പദ്ധതി പ്രവർത്തനങ്ങൾ നടപ്പിലാക്കിയിട്ടുണ്ട്. നടപ്പ് സാമ്പത്തിക വർഷത്തേയ്ക്ക് 450.575 ഹെക്ടർ സ്ഥലത്ത് പ്രസ്തുത പദ്ധതിയിൽ വനവൽക്കരണ പുനരുദ്ധാരണ ജോലികൾ പുരോഗമിച്ചു വരുന്നു.

LIBRARY ARCHIVES Kerala Legislative Assembly

1997-98, 1998-99 വർഷത്തിൽ 45,75,663/- രൂപ ഇതിനായി ചെലവാക്കിയിട്ടുണ്ട്. നടപ്പു സാമ്പത്തിക വർഷത്തിൽ തുകയൊന്നും ചെലവാക്കിയിട്ടില്ല.

(സി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഡി) ശംഖിലി പ്രദേശത്ത് 9 വർഷം മുമ്പ് തൈകൾ വച്ചുപിടിപ്പിച്ചിട്ടില്ല. എന്നാൽ 4 വർഷം മുമ്പ് 1996-ൽ ശംഖിലിക്ക് സമീപം 587.72 ഹെക്ടർ സ്ഥലത്ത് കോമ്പൻസേറ്ററി അഫോറസ്റ്റേഷൻ സ്കീമിൽപ്പെടുത്തി ക്ഷയോൻമുഖമായ വന പ്രദേശങ്ങൾ പുനരുദ്ധരിപ്പിച്ചിട്ടുണ്ട്.

(ഇ) കമ്പകം, തേമ്പാവ്, വെങ്കോട്, പൂവം, നെല്ലി, താന്നി, മരുതി തുടങ്ങിയ വനപ്രദേശത്ത് സ്വാഭാവികമായി കണ്ടുവരുന്ന ഇനം തൈകൾ വച്ചുപിടിപ്പിച്ചിട്ടുണ്ട്. പുനരുജ്ജീവന പ്രവർത്തനങ്ങൾക്കായി 1996-97 വർഷത്തിൽ 30,64,326/- രൂപ ചെലവായിട്ടുണ്ട്. ഇങ്ങനെ വച്ചുപിടിപ്പിച്ചിട്ടുള്ള തൈകൾ 80 ശതമാനം മുതൽ 85 ശതമാനം വരെ ഇപ്പോൾ വളർന്നു നിൽക്കുന്നുണ്ട്. കൂടാതെ ഈ പ്രവൃത്തിമൂലം സ്വാഭാവിക പുനരുജ്ജീവനം വർദ്ധിപ്പിച്ചിട്ടുണ്ട്.

(എഫ്) ഉണ്ട്. പരിശോധിച്ചുവരുന്നു.

48 (2618) സർക്കാർ ഏറ്റെടുത്ത സ്വകാര്യവനം

ശ്രീ. വർഗ്ഗീസ് വൈദ്യർ : താഴെകാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സർക്കാർ ഏറ്റെടുത്ത സ്വകാര്യവനം കോടതിവിധിയിലൂടെ സ്വകാര്യവ്യക്തികൾ കൈവശപ്പെടുത്തിയിട്ടുണ്ടോ എന്നറിയിക്കുമോ;

(ബി) വയനാട് ജില്ലയിൽ എത്ര ഏക്കർ വനഭൂമി ഇപ്രകാരം സ്വകാര്യവ്യക്തികൾ കൈവശപ്പെടുത്തിയിട്ടുണ്ട് എന്നറിയിക്കുമോ;

(സി) ഇതിന്റെ വിശദാംശങ്ങൾ വ്യക്തമാക്കുമോ;

(ഡി) യഥാസമയം വസ്തുതകളും രേഖകളും കോടതിയെ ബോധ്യപ്പെടുത്തി ഭൂമി നഷ്ടപ്പെടാതിരിക്കുന്നതിന് വേണ്ട നടപടികൾ സ്വീകരിക്കുന്നതിൽ വീഴ്ച വരുത്തിയ ഉദ്യോഗസ്ഥൻമാരുടെമേൽ കർശന നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) കോടതിവിധിയുടെ അടിസ്ഥാനത്തിൽ സ്വകാര്യ വ്യക്തികൾക്ക് വിട്ടുകൊടുത്തിട്ടുണ്ട്.

(ബി) വയനാട് ജില്ലയിൽ ഇപ്രകാരം 645.660 ഏക്കർ ഭൂമി സ്വകാര്യ വ്യക്തികൾക്ക് വിട്ടുകൊടുത്തിട്ടുണ്ട്.

(സി) 17 കേസ്സുകളിലായി നോർത്ത് വയനാട് ഡിവിഷനിൽ 523.370 ഏക്കർ സ്ഥലവും 7 കേസ്സുകളിലായി സൗത്ത് വയനാട് ഡിവിഷനിൽ 122.290 ഏക്കർ സ്ഥലവുമാണ് ഇപ്രകാരം വിട്ടുകൊടുക്കേണ്ടിവന്നിട്ടുള്ളത്.

(ഡി) ഉദ്യോഗസ്ഥൻമാരുടെ ഭാഗത്തുനിന്നും വീഴ്ച ഉണ്ടായിട്ടുള്ള കേസ്സുകളിലെല്ലാം അവർക്കെതിരെ കർശന നടപടി സ്വീകരിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly